"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്കിൽപ്പെട്ട സംഗമം മുക്ക് - ആറാട്ട് കടവ് റോഡ് പുനരുദ്ധാരണ പ്രവൃത്തി - കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.430/2025/DMD തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:-
1. 06.05.2022 തീയതിയിലെ സ. ഉ. (സാധാ) നം. 408/2022/ഡിഎംഡി
2. കൊല്ലം ജില്ലാകളക്ടറുടെ 14.05.2025 ലെ DCKLM/10102/2022-DM1 നമ്പർ കത്ത്

**ഉത്തരവ്**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെട്ടത്തി പരാമർശം (1) ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്കിൽപ്പെട്ട ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ സംഗമം മുക്ക് - ആറാട്ട് കടവ് റോഡ് പ്രവൃത്തിക്ക് 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ഉത്തരവായിട്ടുണ്ട്. എന്നാൽ ജലജീവൻ മിഷന്റെ പൈപ്പിടൽ പ്രവൃത്തികൾ നടന്നതിൽ പ്രസ്തുത റോഡ് പ്രവൃത്തി നിശ്ചിത സമയത്ത് പൂർത്തീകരിക്കാൻ സാധിച്ചില്ലായെന്നും, ടി പ്രവൃത്തി നിലവിൽ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ അഭ്യർത്ഥനയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്ന കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്കിൽപ്പെട്ട ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ സംഗമം മുക്ക് - ആറാട്ട് കടവ് റോഡ് പുനരുദ്ധാരണ പ്രവർത്തിയുടെ കരാറിലേർപ്പെട്ടതിലെ കാലതാമസം സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കിയും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം പൂർത്തീകരിച്ച പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന് കൊല്ലം ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം
ലാൻഡ്് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം,

കമ്മീഷണർ ദുരന്ത നിവാരണം, തിരുവനന്തപുരം,

ജില്ലാകളക്ടർ, കൊല്ലം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/117/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 27-06-2025 16:20:06

പകർപ്പ്: ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്